⇨ ചുട്ടകോഴിയെ പറപ്പിക്കുന്ന മഹാമാന്ത്രികരുള്ള സംസ്ഥാനമാണ് കേരളം ⇨

# ആവാഹനവും ഉച്ചാടനവും

'കേരളത്തെ നാണം കെടുത്തുന്ന അന്ധവിശ്വാസക്കൊല' എന്ന പേരിൽ 2014 ഒക്ടോബർ 13 ന് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ എഡിറ്റോറിയൽ എഴുതി ധാർമ്മിക രോഷം കൊള്ളുന്ന മാതൃഭൂമി പത്രം മറുവശത്ത് അനാചാരങ്ങളുടെ ഒരു ഭാണ്ഡം തന്നെ ചുമക്കുന്നുണ്ടെന്ന്

**■ എസ്. നാരായണൻ**

**മഠാധിപതികൾക്കും,** മന്ത്രവാദികൾക്കും, മഷിനോട്ടക്കാർക്കും പരസ്യത്തിലൂടെ ഏറ്റവും കൂടുതൽ പ്രോത്സാഹനം കൊടുക്കുന്ന പത്രമാണ് മാതൃഭൂമി. സമൂഹം, ദേശീയദിനപത്രം എന്നു വിളിച്ച് ബഹുമാനിക്കുന്നതുകൊണ്ടും സ്വാതന്ത്ര്യസമരത്തിന്റെ വീരഗാഥകളിൽ മാതൃഭൂമി പത്രം ഉൾപ്പെട്ടുപോയതുകൊണ്ടും, കേരളത്തിൽ തുടരെ തുടരെയുണ്ടാകുന്ന മന്ത്രവാദക്കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ താഴെക്കൊടുക്കുന്ന വിധം ഒരു വിശദീകരണക്കുറിപ്പ് അവർക്ക് വേണ്ടി വായനക്കാർക്ക് തയ്യാറാക്കാവുന്നതാണ്:

ചുട്ടകോഴിയെ പറപ്പിക്കുന്ന മഹാമാന്ത്രികരുള്ള സംസ്ഥാനമാണ് കേരളം. ഏതു രംഗത്തും ഉള്ളതുപോലെ തട്ടിപ്പുകാരും കാപട്യക്കാരും മന്ത്രവാദികളിലും കണ്ടേക്കാം. കള്ളനാണയങ്ങൾ ധാരാളം ഉള്ള മേഖലയായിപ്പോയി എന്നതുകൊണ്ട് മന്ത്രവാദത്തേയും ആഭിചാരപ്രവർത്തനങ്ങളേയും കണ്ണടച്ചെതിർക്കുന്നത് യുക്തിസഹമല്ല. മന്ത്രവാദത്തിലൂടെയും ചാത്തൻ സേവയിലൂടെയും ശത്രുസംഹാരം പോലുള്ള പ്രശ്നപരിഹാരങ്ങളും ധനലാഭം, പുത്രലാഭം, രോഗമുക്തി തുടങ്ങിയ നേട്ടങ്ങളും കൈവരിച്ച് സമ്പൽസമൃദ്ധിയോടെ സന്തുഷ്ടജീവിതം നയിക്കുന്ന എത്രയോ മനുഷ്യർ നമുക്കിടയിൽ തന്നെയുണ്ട്! എല്ലാ മുൻവിധികളും മാറ്റിവെച്ച് കണ്ണുതുറന്ന് നോക്കിയാൽ ഏതു നിഷ്പക്ഷമതിക്കും നേരിട്ട് ബോദ്ധ്യപ്പെടുന്ന കാര്യങ്ങളാണ് ഇതെല്ലാം. മന്ത്രവാദമോ ജ്യോതിഷമോ ശരിയായി പഠിക്കാതെ കേവലം സാമ്പത്തികലാഭം മാത്രം ലക്ഷ്യമാക്കി ഇറങ്ങിത്തിരിക്കുന്ന അല്പജ്ഞാനികൾ ഈ രംഗത്ത് അഴിഞ്ഞാടുന്നത് മന്ത്രവാദത്തിന്റെ മഹത്തായ പാരമ്പര്യത്തേയും ചരിത്രത്തേയും ജനങ്ങൾക്കിടയിലുള്ള അതിന്റെ സ്വീകാര്യതയേയും ഇല്ലാതാക്കാൻ മാത്രമേ ഉതകുകയുള്ളൂ. ഏതാനും പുഴുക്കുത്തുകൾ ഏതു രംഗത്തുമെന്നപോലെ മന്ത്രവാദ-ചാത്തൻസേവാ-ജ്യോതിഷ-കൂടോത്ര രംഗത്തും ഉണ്ട് എന്നതുകൊണ്ട് ഒരിക്കലും ഇതൊരു ശാസ്ത്രമല്ലാതാകുന്നില്ല എന്നാണ് നമ്മുടെ പത്രത്തിന്റെ സുചിന്തിതമായ അഭിപ്രായം. മുറിവൈദ്യന്മാരായ ഏതാനും തട്ടിപ്പുകാരുടെ കൈയ്യിലകപ്പെട്ട് 'കേരളീയ മന്ത്രവാദശാസ്ത്രം (യഥാർത്ഥ)' അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. മന്ത്രവാദികളെന്നും പറഞ്ഞ് ഇറങ്ങിത്തിരിച്ചിരിക്കുന്ന ഈ കാലമാടന്മാരുടെ കൈയിലകപ്പെട്ട് മൂന്ന് മനുഷ്യജീവനുകളാണ് കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ഇല്ലാതായത്. പൊന്നാനിയിലും കരുനാഗപ്പള്ളിയിലും പത്തനംതിട്ടയിലും നടന്ന ഈ മരണങ്ങൾ വളരെ പ്രാധാന്യത്തോടെ മുൻപേജിൽ തന്നെ നമ്മുടെ പത്രം

⇨ ഈ മൂന്നു മരണങ്ങളും നമ്മുടെ പത്രം എത്രയോ കമനീയമായി റിപ്പോർട്ട് ചെയ്തിരിരുന്നു ⇨

റിപ്പോർട്ട് ചെയ്തിരുന്നു. ഈ മരണങ്ങളെപറ്റി ചിത്രങ്ങൾ സഹിതം ധാരാളം വാർത്തകൾ അകം പേജിലും പുറം പേജിലും നമ്മൾ കൊടുത്തിരുന്നു എന്നതുതന്നെ, നമുക്ക് മന്ത്രവാദത്തിന്റെ പേരിൽ നടക്കുന്ന ഈ കൊടും പാതകങ്ങളിൽ ഒരു പങ്കുമില്ല എന്നതിന്റെ രേഖപ്പെടുത്തപ്പെട്ട തെളിവുകളാണ്. മാതാ അമൃതാനന്ദമയിയുടെ അന്തപ്പുരരഹസ്യങ്ങൾ ഒരു വിദേശ ശിഷ്യ ഈയിടെ വെളിപ്പെടുത്തിയിരുന്നത് നമ്മൾ തമസ്കരിച്ചത് എല്ലാവർക്കും അറിവുള്ളതാണ്. മന്ത്രവാദക്കൊലയും വേണമെങ്കിൽ നമുക്ക് ഒതുക്കാമായിരുന്നു. പക്ഷെ നമ്മളത് ചെയ്തില്ല. ഇതൊക്കെയാണെങ്കിലും 'യഥാർത്ഥ കേരളീയ മന്ത്രവാദശാസ്ത്ര'ത്തിനു പിന്നിൽ അടിയുറച്ചുനിൽക്കുന്ന നിലപാട് തുടരുകതന്നെ ചെയ്യും എന്ന് അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാക്കാൻ നമ്മൾ ഈ അവസരം ഉപയോഗിക്കേണ്ടതാണ്.

ഈയിടെ നടന്ന മന്ത്രവാദമരണങ്ങളിൽ ആദ്യത്തേത് പൊന്നാനി സ്വദേശിയായ ഫർസാനയുടേതായിരുന്നു. മരിക്കുമ്പോൾ ആ കുട്ടി ഗർഭിണിയായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും കരുനാഗപ്പള്ളിയിൽനിന്നും പുതിയ വാർത്തയെത്തി. കണ്ണങ്കര കുറ്റിയിൽ ഹസ്സൻ കുഞ്ഞിന്റെ മകൾ ഹസീന മന്ത്രവാദ ചികിത്സക്കിടയിൽ കൊല്ലപ്പെട്ടു. ശരീരത്തിൽ കടന്നുകൂടിയ ജിന്നിനെ മൂക്കിലൂടെ ശക്തിയായി ഉച്ഛ്വസിപ്പിച്ച് കളയാൻ വേണ്ടി ഹസീനയെ കമഴ്ത്തി കിടത്തി മുടിയിൽ പിടിച്ച് മന്ത്രവാദി നട്ടെല്ലിനു ചവിട്ടിയതാണ് മരണകാരണം. ഒക്ടോബർ 11 ന് പത്തനംതിട്ടയിലെ ആതിര എന്ന 19 വയസ്സ് പ്രായമുള്ള കോളേജ് വിദ്യാർത്ഥിനി മന്ത്രവാദചികിത്സയെതുടർന്ന് കൊല്ലപ്പെട്ടു. മൃതദേഹത്തിന്റെ രണ്ടു കൈവെള്ളയിലും ഇടത്തേ പുറം കൈപ്പത്തിയിലും പൊള്ളലേറ്റ പാടുകളുണ്ടായിരുന്നു. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ തീപ്പൊരി വീണ നിലയിൽ ചെറിയ പൊള്ളലുകളുണ്ട്. ആതിരയുടെ വീട്ടിൽ പൂജയും പ്രാർത്ഥനയും മറ്റും ഉണ്ടായിരുന്നതായി കുട്ടിയെ ആശുപത്രിയിലേക്കു കൊണ്ടുവന്ന ഓട്ടോ ഡ്രൈവർ മൊഴി നൽകിയിട്ടുണ്ട്. വീട്ടുവളപ്പിൽ അരളിപ്പൂക്കളും മറ്റും കൂട്ടിയിട്ടിരുന്നുവത്രെ. ഈ മൂന്നു മരണങ്ങളും നമ്മുടെ പത്രം എത്രയോ കമനീയമായി റിപ്പോർട്ട് ചെയ്തിരിരുന്നു!




അടിക്കടിയുണ്ടായ ഈ മൂന്നു മരണങ്ങളും ഇപ്പോൾ നമ്മുടെ പത്രത്തിന് മാരണമായിരിക്കയാണ്. മോഹിനിയാട്ടം നർത്തകികൾ അണിയുന്ന കുടക്കടുക്കൻ കമ്മലുകൾ പോലെ നമ്മുടെ പത്രത്തിന്റെ തലക്കെട്ടിന് ഇരുഭാഗത്തും ചാത്തൻസേവാ മഠത്തിന്റെ പരസ്യങ്ങൾ കൊടുക്കാറുണ്ടല്ലോ. ഇതു ചൂണ്ടിക്കാട്ടി ചില തല്പരകക്ഷികൾ നമ്മൾ അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നു പ്രചരിപ്പിച്ച് കുപ്രചരണങ്ങൾ അഴിച്ചുവിടുകയാണ്. യഥാർത്ഥ 'കേരളീയ മന്ത്രവാദശാസ്ത്രം' പ്രയോഗിക്കുന്ന ശാസ്ത്രീയമന്ത്രവാദത്തേയും ശാസ്ത്രീയ കൂടോത്രത്തേയും മാത്രമേ നമ്മൾ പ്രോത്സാഹിപ്പിക്കുന്നുള്ളു. നമ്മൾ അതിനുമുതിരുന്നത് ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങൾക്ക് പ്രയോജനകരമാകട്ടെ എന്ന സദുദ്ദേശം കൊണ്ടു മാത്രമാണ്. ധനനഷ്ടം, വിവാഹതടസ്സം, ദാമ്പത്യകലഹം, ശത്രുബാധാദോഷം, ചാത്തൻബാധാ ദോഷം, തൊഴിൽ തടസ്സം, ദൃഷ്ടിദോഷം, ആഭിചാരദോഷം, പ്രേതദോഷം, ദാമ്പത്യദുരിതം, ക്ഷുദ്രാഭിചാരം തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് നമ്മുടെ പത്രത്തിലെ പരസ്യം കണ്ട് പരിഹാരത്തിലെത്തിച്ചേർന്ന എത്രയോ അനുഭവസ്ഥർ ഉണ്ട്. തൊഴിൽ ഉന്നതി, കുടുംബ അഭിവൃദ്ധി, ഭൂമി ക്രയവിക്രയം, ആകർഷണീയത, മത്സരങ്ങളിലും ബിസിനസിലും വിജയം, വശ്യം, ഉദ്ദിഷ്ട കാര്യസിദ്ധി, കോടതി വ്യവഹാര ശുഭപരിസമാപ്തി, സന്താനസൗഭാഗ്യം, പ്രമോഷൻ, പ്രണയസാഫല്യം, വീട് നിർമ്മാണം, രാഷ്ട്രീയ-കലാവിജയം, ഔഷധസേവ ഫലപ്രദമാകൽ, വിദേശയാത്രാ തടസ്സപരിഹാരം എന്നിങ്ങനെ ജീവിതത്തിൽ നാനാവിധത്തിലുള്ള അഭിവൃദ്ധികൾ സിദ്ധിച്ചവർ ഒട്ടനവധിയുണ്ട് എന്നതിന് തെളിവ് ഇത്തരത്തിലുള്ള പരസ്യങ്ങളുമായി കൂടുതൽ മന്ത്രവാദികൾ നമ്മളെ സമീപിക്കുന്നു എന്നതുതന്നെയാണ്.

ഇത്തരം പരസ്യങ്ങൾ സ്വീകരിക്കുമ്പോൾ നമ്മൾ കർശനമായി പരിശോധിക്കുന്ന രണ്ടു മൂന്നു കാര്യങ്ങളുണ്ട്. ഒന്നാമതായി, ശാസ്ത്രീയമായ മന്ത്രവാദ-കൂടോത്ര വിദ്യകൾ പ്രയോ




വ്യാജന്മാരുടെ പരസ്യങ്ങൾ ഒരു കാരണവശാലും സ്വീകരിക്കില്ല. അതുകൊണ്ട് നമ്മൾ കൊടുക്കുന്ന ചാത്തൻ സേവാ മഠങ്ങളുടെ പരസ്യങ്ങളിൽ 'സാക്ഷാൽ ചാത്തൻ' എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നത് സൂക്ഷ്മദൃക്കുകൾക്കും അല്ലാത്ത ദൃക്കുകൾക്കും കാണാം. ദേശീയ സമരപാരമ്പര്യത്തിലൂടെ കടന്നുവന്നതുകൊണ്ടും സ്വാതന്ത്ര്യസമരകാലത്തെ മൂല്യങ്ങൾ സിരകളിലൂടെ ഇപ്പോഴും ഒഴുകികൊണ്ടേയിരിക്കുന്നതുകൊണ്ടും മതേതരത്തെ കൈവിടാൻ നമുക്ക് നിവൃത്തിയില്ല.

ഗിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ആയിരിക്കണം. രണ്ടാമത്തെ കാര്യം വ്യാജന്മാരുടെ പരസ്യങ്ങൾ ഒരു കാരണവശാലും സ്വീകരിക്കില്ല. അതുകൊണ്ട് നമ്മൾ കൊടുക്കുന്ന ചാത്തൻ സേവാ മഠങ്ങളുടെ പരസ്യങ്ങളിൽ 'സാക്ഷാൽ ചാത്തൻ' എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നത് സൂക്ഷ്മദൃക്കുകൾക്കും അല്ലാത്ത ദൃക്കുകൾക്കും കാണാം. ദേശീയ സമരപാരമ്പര്യത്തിലൂടെ കടന്നുവന്നതുകൊണ്ടും സ്വാതന്ത്ര്യസമരകാലത്തെ മൂല്യങ്ങൾ സിരകളിലൂടെ ഇപ്പോഴും ഒഴുകികൊണ്ടേയിരിക്കുന്നതുകൊണ്ടും മതേതരത്തെ കൈവിടാൻ നമുക്ക് നിവൃത്തിയില്ല. അതുകൊണ്ടാണ് എല്ലാ ചാത്തൻ-കൂടോത്ര പരസ്യങ്ങളിലും 'ജാതി മതഭേദമന്യേ എല്ലാവർക്കും അനുഗ്രഹം' എന്ന് കൊടുക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നത് (ഞായറാഴ്ചകളിലുള്ള നമ്മുടെ മാട്രിമോണിയൽ കോളത്തിൽ ജാതിയും മതവും ഉടുതുണിയഴിച്ച് ഉറഞ്ഞു തുള്ളുകയാണെന്ന് പൊതുവേ ആരോപണമുണ്ട്. സമൂഹം മൊത്തത്തിൽ അങ്ങിനെയാകുമ്പോൾ അവർക്ക് കുറച്ച് സ്ഥലം പത്രത്തിലും കൊടുക്കേണ്ടിവരും. അത് പ്രായോഗിക ബുദ്ധിയുടെ കാര്യമാണ്. Nair Shree.com എന്ന പേരിലുള്ള വിവാഹ ബ്യൂറോക്കാരുടെ പരസ്യം ഈയിടെ നമ്മൾ കൊടുത്തിരുന്നു. പത്തനംതിട്ടയിലെ പെൺകുട്ടി മരിച്ച വാർത്ത വന്ന ദിവസം തന്നെ ഉൾപേജിൽ ആ പരസ്യം ഉണ്ടായിരുന്നു. ' The Authentic Matrimonial Site of Nairs by Nairs for Nairs' എന്ന വിശേഷണത്തോടെയുള്ള പരസ്യം ഒഴിവാക്കാമായിരുന്നില്ലേ എന്ന് പലരും നമ്മളോട് ചോദിക്കുകയുണ്ടായി. 'ജനങ്ങൾ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ' എന്ന് എബ്രഹാം ലിങ്കൺ പണ്ട് ജനാധിപത്യത്തിന് കൊടുത്ത ശാസ്ത്രീയ നിർവ്വചനംപോലെ തോന്നിയതുകൊണ്ടാണ് അത് കൊടുത്തത്. ശാസ്ത്രീയമായ കാഴ്ചപ്പാട് ഉണ്ടെങ്കിൽ നമ്മൾ എന്തും സ്വീകരിക്കും.)

വ്യാജനോ ഒറിജിനലോ എന്നൊക്കെ അന്വേഷിച്ച ശേഷമേ നമ്മൾ പൊതുവെ പരസ്യങ്ങൾ സ്വീകരിക്കാറുള്ളൂ. കാനാടി കുടുംബത്തിലെ ഇളംതലമുറക്കാരനും മുഖ്യ കർമ്മിയും പ്രധാന വെളിച്ചപ്പാടുമായ സുധീർ ഗോപാലന്റെ അന്തിക്കാട് കാനാടി സന്നിധി ശ്രീ കുട്ടിച്ചാത്തൻ ക്ഷേത്രം, ഇരിങ്ങാലക്കുട- കൊടുങ്ങല്ലൂർ വഴിയിൽ കോണത്തുകുന്ന് സ്റ്റോപ്പിനടുത്തുള്ള മായാസന്നിധി വിഷ്ണുമായ ക്ഷേത്രം, പത്മനാഭസ്വാമിയുടെ എട്ടുമന കാരണയിൽ മഠം, ഡോ. വിഷ്ണുഭാരതീയ സ്വാമിയുടെ പെരിങ്ങോട്ടുകരയിലെ കാനാടി കാവ്, വടക്കേടത്ത് താമരപ്പള്ളി മനയിലെ ബ്രഹ്മശ്രീ വി.ടി. ജാതവേദൻ നമ്പൂതിരി, കാനാടി മഠം (തറവാട്) ശ്രീ കാളി ചാത്തൻ പുളിയൻപള്ളി നമ്പൂതിരി മഠം, മലപ്പുറത്തെ ചാത്തൻസ്വാമി ക്ഷേത്രത്തിലെ ശ്രീ പ്രേമൻ സ്വാമി, 'പൂർണ്ണവിശ്വാസിക്ക് പൂർണ്ണഫലം' എന്ന മുദ്രാവാക്യവുമായി കർമ്മങ്ങൾ ചെയ്യുന്ന ലോകപ്രശസ്ത മാന്ത്രിക താന്ത്രിക ഉപാസകനായ ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണു നമ്പൂതിരി, പെട്രോളോ ഡീസലോ ഇലക്ട്രിസിറ്റിയോ വേണ്ടാതെ ധനാകർഷണ ഭൈരവയന്ത്രം പ്രവർത്തിപ്പിക്കുന്ന അതിപ്രഗല്ഭനായ ആറ്റുകാൽ രാധാകൃഷ്ണൻ എന്നി

⇨ ഇക്കാര്യത്തിൽ, ഇടതനും വലതനും ഇല്ലാത്ത ഉളുപ്പ് വെറും പ്രിന്റർക്കും പബ്ലിഷർക്കും എന്തിനാണ് ഹേ ⇨

ങ്ങനെ ശാസ്ത്രീയമായി കൂടോത്രം കൈകാര്യം ചെയ്യുന്നവരുടെ പരസ്യങ്ങൾ നമ്മൾ പതിവായി മുൻപേജിൽ കൊടുത്തു വരുന്നു. രാശീചക്രപൂജ നടത്തി യഥാർത്ഥപ്രശ്നം ഗണിച്ചറിഞ്ഞ് പ്രശ്നപരിഹാരവും പ്രോസസും നടത്തുന്ന പാലക്കാട്ടെ ശ്രീ ചന്ദ്രാനന്ദസ്വാമി, നേരിട്ടും തപാലിലും സമീപിക്കാവുന്ന മാന്ത്രി കവിദഗ്ദ്ധൻ മൗലവി ഉസ്മാൻ ഹാജി, നേരിൽ മാത്രം പ്രവചനം നടത്തുന്ന ജ്യോത്സ്യൻ എസ്. ജയദേവൻ, തിരുവനന്തപുരം കരമനയിലുള്ള കോവിലകം വർമ്മ, ജ്യോതിഷ ചക്രവർത്തി പ്രദീപ് ചന്ദ്രൻ തുടങ്ങിയവരുടെ പരസ്യങ്ങൾ ഉൾപെജുകളിലാണ് കൊടുക്കാറുള്ളത്. ഈ രംഗത്ത് പുതുതലമുറയെ വാർത്തെടുക്കുന്നതിനു വേണ്ടി ചെങ്ങന്നൂരുള്ള ബ്രഹ്മശ്രീ ടി. ഡി.പി. നമ്പൂതിരി നടത്തുന്ന മന്ത്രവിദ്യാ പീഠത്തിന്റെ പരസ്യം 'കവടിപ്രശ്നം പഠിക്കാം' എന്ന തലക്കെട്ടിൽ മുൻപേജിൽ തന്നെ കൊടുക്കാറുണ്ട് എന്നത് എടുത്ത് പറയേണ്ടതുണ്ട്. ഭാവിയെപ്പറ്റിയുള്ള ഈ ശാസ്ത്രം ഭാവിതലമുറയെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ലല്ലോ.


മാതൃഭൂമി

കേരളത്തെ നാണംകെടുത്തുന്ന അന്ധവിശ്വാസക്കൊല

മാതൃഭൂമിയുടെ എഡിറ്റോറിയൽ

പരസ്യം പരസ്യവും വാർത്ത വാർത്തയുമായി നിലനിർത്താൻ നമ്മൾ പരമാവധി ശ്രമിക്കാറുണ്ട്. ചില നീക്കുപോക്കുകൾ ചിലപ്പോഴൊക്കെ ചെയ്തിട്ടുണ്ട്. ചാത്തൻ മഠത്തിലെ തിറവെള്ളാട്ട് മഹോത്സവത്തിന് വരയ്ക്കുന്ന ചാത്തൻ സ്വാമിയുടെ രൂപക്കളത്തിന്റെ വർണ്ണചിത്രം ഈയിടെയായി നമ്മൾ വാർത്തയിൽ ഉൾപെടുത്തി അച്ചടിക്കാറുണ്ട്. രൂപക്കളം ഒരു കലാസൃഷ്ടി കൂടിയായതുകൊണ്ട് കലയുടെ പ്രോത്സാഹനം എന്ന നിലയിലാണ് അത് ചെയ്യുന്നത്. ഇതേ ന്യായം അനുസരിച്ചാണ് ചാത്തൻ മഠത്തിൽ നടത്തിവരാറുള്ള സാംസ്കാരിക സമ്മേളനം റിപ്പോർട്ട് ചെയ്യുന്നതും. പെരിങ്ങോട്ടുകര ദേവസ്ഥാനാധിപതി ഉണ്ണിദാമോദരന്റെ കളർചിത്രവും വാർത്തയും ഒക്ടോബർ 19 ലെ പത്രത്തിൽ വലിയ പ്രാധാന്യത്തോടെ കൊടുത്തതിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് പറയാനാകില്ല. പെരിങ്ങോട്ടുകരയിൽ സ്വന്തമായി ചാത്തൻമഠം നടത്തുന്ന അദ്ദേഹത്തിന്റെ ഫോട്ടോ സഹിതമുള്ള പരസ്യം നമ്മൾ സ്ഥിരമായി കൊടുത്തിരുന്നു എന്നത് ഒരു വസ്തുത തന്നെയാണ്. പരസ്യത്തിൽനിന്ന് വാർത്തയിലേക്ക് അദ്ദേഹത്തെ ഇറക്കിക്കൊണ്ടുവന്നതിന് വ്യക്തമായ കാരണമുണ്ട്. പഴുവിൽ കാരുണ്യ ചാരിറ്റബിൽ സൊസൈറ്റിയുടെ ഈ വർഷത്തെ 'മാൻ ഓഫ് ദി ഇയർ' പുരസ്കാരം (കൊല്ലപുരുഷൻ) അദ്ദേഹത്തിനു ലഭിച്ചതുകൊണ്ടാണ് അത് സംഭവിച്ചത്. കൊടികുത്തിയ മാർക്സിസ്റ്റും പോരാത്തതിന് പ്രൊഫസറും കൂടിയായ കെ.യു. അരുണനാണ് പത്രസമ്മേളനം നടത്തി ഉണ്ണിദാമോദരന്റെ പുരസ്കാരവിവരം പ്രഖ്യാപിച്ചത്. മാത്രവുമല്ല അദ്ദേഹമായിരുന്നു പുരസ്കാരനിർണ്ണയ സമിതിയുടെ ചെയർമാൻ. പുരസ്കാരം സമ്മാനിക്കുന്നത് ആരാണെന്നോ? വംശനാശത്തിന്റെ വാതിൽക്കലെത്തി നിൽക്കുന്നതുകൊണ്ട്, യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഉൽപ്പെടുത്താൻ ആലോചിക്കുന്ന സി.പി.ഐ എന്ന രാഷ്ട്രീയ കക്ഷിയുടെ ഇന്ത്യാ മഹാരാജ്യത്തെ ഒരേ ഒരു എം.പി.യായ സി.എൻ. ജയദേവൻ. ജില്ലയിലെ പുരോഗമന സാഹിത്യത്തെ കൊമ്പുപിടിച്ചു നടത്തുന്ന അരുണൻപ്രൊഫസർ 'കാരുണ്യ മാൻ ഓഫ് ദ ഇയർ' പുരസ്കാരത്തിന് ചാത്തൻ മഠാധിപതിയെ തെരഞ്ഞെടുക്കുന്നു. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പറഞ്ഞ് വോട്ട് നേടി പാർലമെന്റിലെത്തിയ ജയദേവൻമെമ്പർ അദ്ദേഹത്തിന് പുരസ്കാരം സമർപ്പിക്കാനും പൊ ന്നാട പുതപ്പിക്കാനും തയ്യാറായി നിൽക്കുന്നു. ഇക്കാര്യത്തിൽ, ഇടതനും വലതനും ഇല്ലാത്ത ഉളുപ്പ് വെറും പ്രിന്റർക്കും പബ്ലിഷർക്കും എന്തിനാണ് ഹേ...

പരസ്യം സ്വീകരിക്കുകയും അച്ചടിക്കുകയും ചെയ്യുന്നു എന്ന് കരുതി വായനക്കാർക്ക് ഇവരിൽ നിന്ന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടാൽ നമ്മുടെ പത്രത്തിന് ഉത്തരവാദിത്തമൊന്നും ഉണ്ടായിരിക്കുന്നതല്ല. 'പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലോ നമ്മുടെ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡിന്റെ പ്രിന്ററോ പബ്ലിഷറോ എഡിറ്ററോ ഉദ്യോഗസ്ഥരോ മറ്റു ജീവനക്കാരോ കുടുംബക്കാരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല' എന്ന 'മുന്നറിയിപ്പ്' ഒരു ബോക്സിലാക്കി പരസ്യപേജിൽ കൊടുക്കുന്നുണ്ട്. വ്യക്തമായി കൊടുക്കുന്നുണ്ട് എന്ന് അവകാശപ്പെടുന്നില്ല. കാരണം, അത്രയും ചെറിയ അക്ഷരത്തിൽ വേറൊന്നും തന്നെ നമ്മൾ അച്ചടിക്കാറില്ല.

മന്ത്രവാദ ചികിത്സയുടെ പേരിൽ ഇത്രയധികം മരണങ്ങൾ കേരളത്തിൽ നടന്ന പശ്ചാത്തലത്തിൽ 'കേരള മന്ത്രവാദശാസ്ത്ര(യഥാർത്ഥ)'ത്തിന് നമ്മൾ കാലങ്ങളായി നൽകി വരുന്ന പിന്തുണയുടെ പേരിൽ ചില കേന്ദ്രങ്ങളിൽ നിന്ന് പത്രത്തിനെതിരെ വിമർശനങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്.. ഇത്തരം ഘട്ടത്തിൽ വികാരമല്ല വിചാരമാണ് മനുഷ്യനെ നയിക്കേണ്ടത്. യഥാർത്ഥ വസ്തുതകൾ അവതരിപ്പിച്ചു

കൊണ്ട് നമ്മൾ പത്രത്തിൽ ഒരു മുഖപ്രസംഗം പ്രസിദ്ധീകരിച്ചിരുന്നു. പത്തനംതിട്ടയിൽ ആതിര എന്ന പെൺകുട്ടി ഒക്ടോബർ 12 നാണ് മരിച്ചത്. 'കേരളത്തെ നാണം കെടുത്തുന്ന അന്ധവിശ്വാസക്കൊല' എന്ന പേരിൽ ഒക്ടോബർ 13 ന് തന്നെ നമ്മൾ അതിനെതിരെ ഒരു മുഖപ്രസംഗം കാച്ചി. അതിലെ പ്രസക്തഭാഗങ്ങൾ ഇവിടെ എടുത്തെഴുതുകയാണ്.

*"അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടപൊരുതിയാണ് ആധുനിക കേരളം ഇവിടെ കെട്ടിപ്പടുത്തത്. എന്നാൽ, പിറവിയുടെ ആലസ്യത്തിൽ നാം ബാക്കിവെച്ച യുദ്ധങ്ങൾ ഇന്നിപ്പോൾ ജനതക്കു നേരെ തിരിച്ചടിക്കുകയാണ്. വിഖ്യാതമായ കേരളമാതൃക ഒരു വെറും മിഥ്യയാണെന്ന് അനുഭവിപ്പിക്കുന്ന രീതിയിൽ ഏതു രംഗത്തും ഇന്നൊരു തിരിച്ചുനടത്തം പ്രകടമായിരിക്കുകയാണ്. പൊതു സമൂഹത്തിൽനിന്ന് സ്വതന്ത്ര ഇന്ത്യയുടെ അന്തസ്സത്ത തന്നെയായ മതേതരത്ത്വവും പുരോഗമന ചിന്താഗതിയുമൊക്കെ പിൻവാങ്ങിക്കൊണ്ടിരിക്കുന്ന ഞെട്ടിക്കുന്ന കാഴ്ചയാണ് എവിടെ നോക്കിയാലും കാണാനാകുന്നത്. സമൂഹത്തിന്റെ ആണിക്കല്ലുകളായ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലേക്കുപോലും കടന്നുകയറിക്കൊണ്ടിരിക്കുന്ന പ്രാകൃതവിശ്വാസങ്ങൾ പൊതുജീവിതത്തെ അതിവേഗത്തിൽ ശിഥിലീകരിച്ചുകൊണ്ടിരിക്കുകയാണ്. മന്ത്രവാദത്തിനിടെ കേരളത്തിൽ ഒരു കോളേജ് വിദ്യാർത്ഥിനി മരിക്കാനിടയായ സാഹചര്യം ഏതു നിലക്കും ഈ ശിഥിലീകരണത്തിന്റെ വ്യക്തമായ സൂചനകളാണ് കാട്ടിത്തരുന്നത്. പത്തനംതിട്ടയിൽ നിന്നാണ് അന്ധവിശ്വാസത്തിന്റെ ഏറ്റവും വലിയ ഇരയെക്കുറിച്ചുള്ള വാർത്തകൾ കേരളത്തെ ഞെട്ടിച്ചത്. കേരളത്തെ നാണം കെടുത്തുന്ന ഒന്നാണ് ഈ അരുംകൊല.*

*എങ്ങിനെ ഈ പതനത്തിലെത്തി എന്ന ചോദ്യമാണ് ഈ അന്ധവിശ്വാസകൊല കേരളത്തിനു മുന്നിൽ ഉന്നയിക്കുന്നത്. അന്ധവിശ്വാസങ്ങളെ കൂട്ടുപിടിച്ച് വളരുന്ന ബ്ലാക്മാജിക് പോലെയുള്ള പ്രാകൃതമായ ആഭിചാരപ്രവൃത്തികളും കേരളത്തിലിന്ന് പെരുകിവരികയാണ്. അന്ധവിശ്വാസങ്ങളുടെ കെണിയിലകപ്പെടാതിരിക്കാൻ പുതിയ തലമുറയെ പഠിപ്പിച്ചു കൊടുക്കണമെങ്കിൽ നമ്മുടെ ചിന്താ, വിശ്വാസരംഗത്ത് ഒരു ശുചീകരണയത്നം തന്നെ നടക്കേണ്ടതുണ്ട്. പുറം മാത്രം വൃത്തിയാക്കിയതുകൊണ്ടോ വികസിപ്പിച്ചതുകൊണ്ടോ ലോകം നന്നാവില്ലെന്നതിന്റെ തെളിവാണ് അന്ധവിശ്വാസങ്ങൾ. അകം അന്ധവിശ്വാസവിമുക്തമായെങ്കിൽ മാത്രമേ കൊലയിലേക്കും പ്രാകൃത ആചാരങ്ങളിലേക്കും ജനതയെ കൊണ്ടുചെന്നെത്തിക്കുന്ന കൊടും കുരുക്കുകളിൽ നിന്നും നമുക്ക് വിടുതലുണ്ടാകുകയുള്ളൂ. സ്വാതന്ത്ര്യസമരകാലത്ത് ആർജിച്ച നവോത്ഥാനമൂല്യങ്ങൾ കൈയ്യൊഴിഞ്ഞതിന്റെ ആനുപാതികമായാണ് നമ്മുടെ രാഷ്ട്രീയം മൂല്യരാഹിത്യത്തിലേക്ക് വഴുതി വീണത്. രാഷ്ട്രീയത്തിന്റെ അപചയം നമ്മുടെ സാമൂഹിക ജീവിതത്തിൽ സൃഷ്ടിച്ച ശൂന്യതയുടെ ഇടവേളകളിലേക്കാണ് മനസ്സിനെ മയക്കുന്ന കറുപ്പായി അന്ധവിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും കയറികൂടുന്നത്. ആദ്യം മനസ്സ് നന്നാക്കണം എങ്കിലേ ലോകം നന്നാവൂ എന്ന് പഴയ ഗുരുക്കന്മാർ ഉപദേശിച്ചിരുന്നത് വെറുതെയല്ല. നാരായണഗുരുവും അയ്യങ്കാളിയും ചട്ടമ്പിസ്വാമികളും ബ്രഹ്മാനന്ദശിവയോഗിയും വാഗ്ഭടാനന്ദനും വി.ടി.ഭട്ടതിരിപ്പാടും പണ്ഡിറ്റ് കറുപ്പനുമൊക്കെ വിഭാവനം ചെയ്ത ആധുനികകേരളം അങ്ങനെ മാത്രമേ പുലരൂ.*

ഓം ഹ്രീം.

**രണ്ട്**

മനസാക്ഷിക്കുത്തും നരകഭയവും അനുഭവിക്കുന്ന ചില മോഷ്ടാക്കൾ തങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം അമ്പലങ്ങളിൽ കൊടുക്കുന്ന പതിവുണ്ട്. ചാത്തൻ മഠാധിപതികളും ദുർമന്ത്രവാദികളും ഇത്തരത്തിലുള്ള പണം മാധ്യമങ്ങൾക്കാണ് കൊടുക്കുന്നത്. നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ആ പണം രണ്ട് കൈയും നീട്ടി സ്വീകരിക്കുകയും പരസ്യങ്ങളിൽ മാത്രമല്ല വാർത്തകളിലും അവരെ കുടിയിരുത്തുകയും ചെയ്യുന്നു. മാതൃഭൂമി പത്രം ചെയ്യുന്നതുപോലെ അന്ധവിശ്വാസ പ്രചാരണത്തിന് മുൻപേജ് സ്ഥിരമായി വിട്ടുകൊടുക്കില്ലെങ്കിലും മറ്റ് പത്ര-ടി.വി മാധ്യമങ്ങളും അതേ വഴിയിലൂടെ തന്നെയാണ് സഞ്ചരിക്കുന്നത്. ലെജിസ്ലേറ്റീവും ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിക്കപ്പെടുന്ന പത്രമാധ്യമങ്ങളും ചേർന്നാണല്ലോ നാടിനെ താങ്ങിനിർത്തിയിരിക്കുന്നത്. പത്രങ്ങൾ നാടിനെ മാത്രമല്ല, നാട്ടുകാർക്കിട്ടും താങ്ങുന്നതാണ് മാതൃഭൂമിയുടെ ഈ മുഖപ്രസംഗത്തിലൂടെ വെളിവാകുന്നത്. നാരായണ ഗുരുവിന്റെയും വി.ടി. ഭട്ടതിരിപ്പാടിന്റെയുമൊക്കെ പേരുകൾ മുഖപ്രസംഗത്തിൽ ഉദ്ധരിക്കുമ്പോൾ നിത്യവും കൈകാര്യം ചെയ്യുന്ന ആറ്റുകാൽ രാധാകൃഷ്ണന്റെയോ കോവിലകം വർമ്മയുടെയോ പേരുകൾ ഇടകലരാതിരുന്നതിന് മാതൃഭൂമി പത്രാധിപർ എത്രയും അടുത്തുള്ള ചാത്തൻ സ്വാമി ക്ഷേത്രത്തിലേക്ക് ഒരു കോഴിയെങ്കിലും വഴിപാട് ചെയ്യേണ്ടതാണ്.

എഴുത്തുകാരുടെ മികച്ച രചനകളുടെ ബലത്തിൽ മാത്രം ഒരുകാലത്ത് മുൻനിരയിൽ നിന്നിരുന്ന കാലാകൗമുദി വാരികയുടെ ഇന്നത്തെ


മാതൃഭൂമി • 2014 ഒക്ടോബർ 28 • ചൊവ്വാഴ്ച

പഴുവിൽ കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാൻ ഓഫ് ദ ഇയർ പുരസ്കാരം പെരിങ്ങോട്ടുകര ദേവസ്ഥാനാധിപതി ഉണ്ണി ദാമോദരന് സി.എൻ. ജയദേവൻ എം.പി. സമ്മാനിക്കുന്നു

അന്ധവിശ്വാസ ചൂഷണത്തിനെതിരെ നിയമം വേണം -പരിഷത്ത്

ഉണ്ണിദാമോദരന് പുരസ്കാരം നൽകുന്ന വാർത്ത മാതൃഭൂമിയിൽ

അവസ്ഥയ്ക്ക് കാരണം ഏത് ദുഷ്ടമൂർത്തിയുടെ ബാധമൂലമാണെന്നറിയില്ല. 'മുഹൂർത്തം' എന്ന പേരിൽ അവരുമിറക്കുന്നു ഒരു ജ്യോതിഷ മന്ത്രവാദ മാസിക. 900 രൂപ കൊടുത്ത് മൂന്ന് വർഷത്തേക്ക് വരിക്കാരാകുന്നവർക്ക് പ്രസിദ്ധ ക്ഷേത്രങ്ങളിൽ പൂജിച്ച സർവ്വൈശ്വര്യപ്രദമായ ശ്രീചക്രം, സർവ്വ വിഘ്നങ്ങളും അകറ്റുന്ന ഗണപതി ചക്രം, സുദർശന ചക്രം ഇവയിലെതെങ്കിലും ഒന്ന് ലഭിക്കുമത്രേ. വരിക്കാരാകുന്നതിന് പേര് മാത്രമല്ല ജന്മനക്ഷത്രവും ജനനസമയവും അയച്ചുകൊടുക്കണം. പാരീസിൽ സ്ഥിരതാമസമാക്കിയ കലാകൗമുദിയുടെ മുതലാളിച്ചെക്കന് വാരികയുടെ നിലവാരത്തിലല്ല ബാങ്ക് ബാലൻസിന്റെ നിലവാരത്തിലാണ് താത്പര്യമെന്ന് കേൾക്കുന്നു. എന്തായാലും 'മുഹൂർത്ത'ത്തിന്റെ പരസ്യം കൂടി വായിക്കേണ്ട ഗതികേടിലാണ് കലാകൗമുദി വായനക്കാർ.

ആഢ്യത്തം കൊണ്ടായിരിക്കാം മലയാള മനോരമ ഇത്തരം കൂടാത്രങ്ങൾ പൂമഖത്തോ നടുത്തളത്തിലോ വച്ച് ചെയ്യാറില്ല. ഉൾപ്പേജുകളുടെ ഇടനാഴികളിൽ ശ്രദ്ധയോടെ റാന്തലുമായി ചെല്ലുന്നവർക്കേ അവരുടെ ആഭിചാരങ്ങളിൽ പങ്കെടുക്കാനാകൂ. വായന ഉപേക്ഷിച്ച് ടെലിവിഷനിലേക്ക് കടക്കാമെന്നുവച്ചാൽ പട പേടിച്ച് പന്തളത്തേക്ക് ചെന്നപ്പോൾ പന്തംകൊളുത്തിപ്പട എന്നുപറഞ്ഞതുപോലെയാണ്. മുമ്പ് രേഖപ്പെടുത്തിയ മന്ത്രവാദികൾക്കും ജ്യോതിഷികൾക്കും നിത്യജ്യോതിഷമെന്നോ വാരഫലമെന്നോ ഒക്കെയുള്ള പേരുകളിൽ അരമണിക്കൂർ മിക്ക ചാനലുകളും അനുവദിച്ചിട്ടുണ്ട്. ചാനലുകളിൽ വലംപിരി ശംഖിന്റെ മാഹാത്മ്യങ്ങളുമായി നടി ഊർമ്മിള ഉണ്ണി വിലസുകയാണ്. ഇനി നിങ്ങൾക്ക് ദാരിദ്ര്യത്തിലും ദുഃഖത്തിലും ജീവിക്കേണ്ട കാര്യമില്ലെന്നും മഹാതപസികളും വിദ്വാൻമാരും മന്ത്രജപം കൊണ്ട് സിദ്ധി ചെയ്ത് പ്രാണപ്രതിഷ്ഠ നടത്തിയിട്ടുള്ള 'മഹാധനലക്ഷ്മി യന്ത്രം' അണിഞ്ഞാൽ മതിയെന്നും പറഞ്ഞ് ടി.വിയിലൂടെ വിൽക്കാനിറങ്ങിയിരിക്കുന്ന അനുഭവസ്ഥരെയും ചാനലുകളിൽ കാണാം. ടി.വിയിലെ നിത്യജ്യോതിഷത്തെപ്പറ്റി ഗോപീകൃഷ്ണന്റെ ഒരു കാർട്ടൂൺ വന്നതോർക്കുന്നു. സ്കൂട്ടറും എടുത്ത് ജോലിക്ക് പോകാനിറങ്ങുമ്പോൾ അയാളുടെ നക്ഷത്രഫലം ടി.വിയിൽ പ്രവചിക്കുന്നു. 'ഇന്ന് ശുഭകാര്യങ്ങൾക്ക് തടസ്സം. സ്കൂട്ടറിൽ പോകുന്നയാളുടെ തലയിൽ തേങ്ങ വീഴാനുള്ള യോഗം കാണുന്നു.' അതുകേട്ട് പേടിച്ചരണ്ട ഭാര്യ അയാളെ തടയുന്നു. സ്കൂട്ടറിൽ നിന്നറിങ്ങിയ അയാൾ 'ഇവിടെ വേറെയും ചാനലുകളുണ്ടല്ലോ' എന്ന് പറഞ്ഞ് ചാനൽ മാറ്റുന്നു. അതിലെ പ്രവചനം ഇങ്ങനെ, 'ഈ നക്ഷത്രകാരന് ഇന്ന് ശുഭദിനം. സ്കൂട്ടറിൽ പോകുമ്പോൾ കഞ്ഞിക്ക് ചമ്മന്തിയരക്കാനുള്ള തേങ്ങ വഴിയിൽ വീണുകിട്ടാനുള്ള യോഗം കാണുന്നു'. സന്തോഷത്തോടെ അയാൾ സ്കൂട്ടറിൽ കയറി പോകുന്നു. പ്രസന്നവദനയായ ഭാര്യ അത് നോക്കി നിൽക്കുന്നു.

വലംപിരി ശംഖും മഹാധനലക്ഷ്മി യന്ത്രവും വിൽക്കുന്നതിന് സ്വന്തം പൂമുഖം ഒഴിഞ്ഞുകൊടുക്കുന്ന റിപ്പോർട്ടർ ചാനലിൽ തന്നെ 'കാണാത്ത കേരളം' എന്ന പേരിൽ ഒരു പരിപാടിയുണ്ട്. ഒളിക്യാമറ ഓപ്പറേഷനിലൂടെ വ്യാജസിദ്ധന്മാരെയും അമ്മതായിമാരെയും കുട്ടിച്ചാത്തന്മാരെയും മുതിർന്ന പിടകളെയുമൊക്കെ തുറന്ന് കാണിക്കുന്നുണ്ട് അതിൽ. വളരെ ധീരരായ റിപ്പോർട്ടർമാരാണ് കാലങ്ങളായി ആ പരിപാടി വളരെ ഭംഗിയായി ചെയ്തുവരുന്നത്. കൊട്ടിയത്തെ അമ്മതായ മഹാമായ, കാട്ടൂരിലെ വെളിച്ചപ്പാട് സുഭാഷിണി, ശ്രീകൃഷ്ണപുരത്തെ ജിലേബി സാമി, വടകരയിലെ തങ്ങൾ, കൊടുങ്ങല്ലൂരമ്മ ദേഹത്ത് കയറുമ്പോൾ സാരിയുടുത്ത് ഉറഞ്ഞുതുള്ളി സ്ത്രീശബ്ദത്തിൽ കല്പന പറയുന്ന പാലക്കാട്ടുള്ള ചന്ദ്രൻ പൂജാരി, കോഴിമുട്ടയിലും തകിടിലും കർമ്മങ്ങൾ ചെയ്യുന്ന ഒലവക്കോട്ടെ മുട്ടതങ്ങൾ, അതീന്ദ്രിയധ്യാനവും മഷിനോട്ടവും പഠിപ്പിക്കുന്ന അനിൽകുമാർ സ്വാമി തുടങ്ങി ഒരുപാട് പേരുടെ തട്ടിപ്പുകൾ അവർ പുറംലോകത്തെ അറിയിച്ചു. കൊട്ടിയത്തെ അമ്മതായ മഹാമായയുടെ ജന്മദിനാഘോഷത്തിന് ഒ. രാജഗോപാലിനെ പോലുള്ളവരും എത്തിയിരുന്നു വത്രേ. ഒരു സാമ്പത്തിക തിരിമറിയിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രമാണ് അവരുടെ വളർച്ച നില

ച്ചുപോയതെന്ന് ഒളിക്കാമറ വച്ച് അവരുമായി അഭിമുഖം നടത്തിയ റിപ്പോർട്ടർ ചാനലിലെ സുർജിത്ത് അയ്യപ്പത്ത് ഒരു എപ്പിസോഡിൽ വെളിപ്പെടുത്തിയിരുന്നു. എത്രയോ അമൃതാനന്ദമയിമാരെയും സന്തോഷ് മാധവന്മാരെയും മുളയിലേ നുള്ളുന്ന പരിപാടിയാണ് 'കാണാത്ത കേരളം'. വർഷങ്ങൾക്ക് മുമ്പേ ഇത്തരം ഓപ്പറേഷനുകൾ നടന്നിരുന്നുവെങ്കിൽ ഒരുപക്ഷേ സുധാമണി, സുധാമണിയായിത്തന്നെ നിലനിൽക്കുമായിരുന്നു. ചാനൽ മുതലാളിക്ക് പക്ഷെ പണപ്പെട്ടി എങ്ങനെ നിറയ്ക്കാമെന്ന് മാത്രമാണ് നോട്ടം. രാത്രി ഒരുമണിക്ക് 'കാണാത്ത കേരളം' കഴിഞ്ഞാൽ ഒന്ന് ശ്വാസമെടുക്കാൻ പോലും നേരം കിട്ടുന്നതിന് മുമ്പ്, കുട്ടിച്ചാത്തന്മാരേക്കാൾ ഭീകരന്മാരായ തോമസുകുട്ടി ബ്രദറും മറ്റ് സഹോദരങ്ങളും ചേർന്ന് "മിറക്കിൾ...അത്ഭുതം.... മിറക്കിൾ...... അത്ഭുതം......" എന്നലറിവിളിച്ച് ഉറഞ്ഞുതുള്ളുന്ന ദൈവസഭക്കാരുടെ സ്പോൺസേർഡ് പ്രോഗ്രാം തുടങ്ങുകയായി. ഒരണുപോലും അവശേഷിക്കാതെ കാൻസർ രോഗം പ്രാർത്ഥനയിലൂടെ സുഖപ്പെട്ടത്, പൊട്ടിയെന്ന് കരുതിയ

> 'കാണാത്ത കേരളം' കഴിഞ്ഞാൽ ഒന്ന് ശ്വാസമെടുക്കാൻ പോലും നേരം കിട്ടുന്നതിന് മുമ്പ്, കുട്ടിച്ചാത്തന്മാരേക്കാൾ ഭീകരന്മാരായ തോമസുകുട്ടി ബ്രദറും മറ്റ് സഹോദരങ്ങളും ചേർന്ന് "മിറക്കിൾ...അത്ഭുതം.... മിറക്കിൾ... അത്ഭുതം..." എന്നലറിവിളിച്ച് ഉറഞ്ഞുതുള്ളുന്ന ദൈവസഭക്കാരുടെ സ്പോൺസേർഡ് പ്രോഗ്രാം തുടങ്ങുകയായി.

ചെരുപ്പിന്റെ വള്ളി പൊട്ടാതിരുന്നത്, കാറും വീടും സ്വന്തമാക്കാനായത് എന്നിങ്ങനെയുള്ള അത്ഭുതകഥകൾ വിളിച്ചുപറയുകയും 'ഹല്ലേലൂയാ' വിളികളോടെ വേദിയിൽ തലങ്ങും വിലങ്ങും ഓടിനടന്ന് കരയുകയും വിറകൊള്ളുകയും അമറുകയും തലയിട്ടടിക്കുകയും ചെയ്യുന്ന കാഴ്ചകളാണ് പിന്നെ. ഒരുദിവസത്തെ എപ്പിസോഡ് തുടങ്ങിയത് ദക്ഷിണാഫ്രിക്കയിലെ ഒരു റെയിൽവേ സ്റ്റേഷനിൽ വച്ചാണ്. ഒരു ബ്രദർ മറ്റേ ബ്രദറിനോട് പറയുന്നു, ഗാന്ധിജിയെ സായിപ്പ് തീവണ്ടിയിൽ നിന്നും ചവിട്ടിപ്പുറത്താക്കിയ സ്റ്റേഷനിലാണ് നമ്മൾ നിൽക്കുന്നതെന്ന്. 'താങ്കളുടെ ഷൂസിനോ കാലിനോ എന്തെങ്കിലും പറ്റിയോ' എന്ന് ഗാന്ധി ഓടുന്ന ട്രെയിനിലെ സായിപ്പിനോട് വിളിച്ച് ചോദിച്ചെന്ന് മറ്റേ ബ്രദർ മറുപടി പറയുന്നു. യേശുക്രിസ്തു ഗാന്ധിയിൽ ആവേശിച്ചതുകൊണ്ടാണ് അങ്ങനെ മറുപടി പറഞ്ഞതെന്ന് രണ്ടാളും കൂടി തീരുമാനിച്ച് "മിറക്കിൾ...അത്ഭുതം...യേശുവിന് സ്തോത്രം..." എന്ന് കൂവിക്കൊണ്ട് അവിടെ ക്കിടന്ന് സമ്മർസാൾട്ടടിക്കുന്നു. നട്ടപ്പാതിരയ്ക്ക് പെന്തക്കോസ്ത്-ഇവാഞ്ചലിക്കൽ ബ്രദർമാർ കാട്ടിക്കൂട്ടന്നത് കണ്ടാൽ കുട്ടിച്ചാത്തന്മാരും അമ്മതായമാരുമൊക്കെ തികച്ചും നോർമൽ ആണെന്ന് പറയേണ്ടിവരും.

ജീവൻ പണയം വച്ച് മന്ത്രവാദികളുടെ വീടുകളിലും ചാത്തൻ മഠങ്ങളിലും തെണ്ടിനടന്ന് ഓപ്പറേഷൻ നടത്തുന്നതിലും ഭേദം തങ്ങളുടെ ഓഫീസിൽ പരസ്യത്തിന് പണമടയ്ക്കാൻ വരുന്നവരെ, ഓഫീസിലിരുന്ന് തന്നെ കാമറയിൽ പകർത്തിയാൽപ്പോരേ എന്നൊരാലോചന റിപ്പോർട്ടർ ചാനലിലെ വാർത്താ വിഭാഗത്തിൽ നടക്കുന്നതായറിയുന്നു.

"ഹല്ലേലൂയാ..."

**വാൽക്കഷ്ണം**

അയിത്തത്തെപ്പറ്റിയുള്ള ഒരു നമ്പൂതിരിഫലിതമുണ്ട്. അത് അന്ധവിശ്വാസത്തിനും ബാധകമാണ്. നാട്ടിലെ അഭ്യസ്തവിദ്യരും പുരോഗമന ചിന്താഗതിക്കാരുമായ കുറച്ച് ചെറുപ്പക്കാർ (അരുണൻ പ്രൊഫസറെ പോലെയുള്ളവരല്ല) നമ്പൂതിരിയോട് പറയുന്നു: "തിരുമേനീ, അയിത്തം എന്നത് ഇല്ലാത്ത ഒന്നാണ്. അത് ഇനി ആചരിക്കരുത്. അയിത്തം എന്നത് ഈശ്വരനും മനുഷ്യനും എതിരെയുള്ള കുറ്റമാണെന്ന് മഹാത്മഗാന്ധി പറഞ്ഞിട്ടുണ്ട്." ഒന്ന് രണ്ട് മണിക്കൂർ നേരത്തെ യുക്തിസഹമായ സംഭാഷണത്തിന് ശേഷം നമ്പൂതിരി അയിത്തമില്ലെന്ന് സമ്മതിച്ചു. ഒരാളെയെങ്കിലും കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിച്ച ചാരിതാർത്ഥ്യത്തോടെയിരിക്കുന്ന ചെറുപ്പക്കാർക്കരികിലേക്ക് നമ്പൂതിരി തിരിച്ചുവന്നു. "ശുംഭന്മാരെ, നിങ്ങൾ പറഞ്ഞതിന് ഒരു യുക്തിയുമില്ല. പോകുന്ന വഴിക്ക് നോം നല്ലവണ്ണമാലോചിച്ചു. പുണ്യാഹം തളിക്കുമ്പോൾ അയിത്തം പോകുന്നുണ്ടല്ലോ. അയിത്തം ഇല്ലെങ്കിൽ പുണ്യാഹം തളിക്കുമ്പോൾ എങ്ങനെയാണ് പോകുന്നത്. ഇല്ലാത്ത ഒരു സാധനം എങ്ങനെയാണ് ഹേ, പോവുക?"

ഇത്തരം മറുപടി തന്നെയായിരിക്കും മാതൃഭൂമി പത്രാധിപരേയോ ചാനൽ മേധാവിമാരേയോ പുരോഗമന സാഹിത്യ സേവചെയ്യുന്ന അരുണൻ പ്രൊഫസറെയോ കമ്മ്യൂണിസ്റ്റാണെന്ന് കളവ് പറഞ്ഞ് പാർലമെന്റിലെത്തിപ്പറ്റിയ ജയദേവൻ മെമ്പറെയോ സമീപിച്ചാലും കിട്ടുക. ചരട് ജപിച്ചുകെട്ടിയാലോ തേങ്ങയുടച്ചാലോ ദോഷവും ബാധയും അകലുന്നുണ്ടല്ലോ എന്നായിരിക്കും അവർ മൊഴിയുക. ■